## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 578 — 04.02.2020- ൽ മറുപടിക്ക്

### ആറ്റിങ്ങലിലെ സ്റ്റീൽ പ്ലാന്റ് ക്യാമ്പസിൽ ആരംഭിച്ച പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ആറ്റിങ്ങലിൽ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി അടഞ്ഞുകിടന്ന സ്റ്റീൽ പ്ലാന്റ് ക്യാമ്പസിൽ ആരംഭിച്ച പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ എന്നറിയിക്കാമോ; | എ) | സംസ്ഥാനസർക്കാരിന്റെ സഹകരണത്തോടെ കേന്ദ്രസർക്കാർ സ്ഥാപനമായ MSME-DI ആണ് ടി പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നത്. നിലവിൽ ഉള്ള സൗകര്യങ്ങൾ കൂട്ടുന്നതിലേക്കായി MSME-DI കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| ബി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്, ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ? | ബി) | ആറ്റിങ്ങൽ ട്രെയിനിംഗ് സെൻററിൽ പ്രിസിഷൻ മെഷീനിംഗ്, ഹൈഎൻഡ് കംപ്യൂട്ടർ ട്രയിനിംഗ്, റബ്ബർ, മാനുഫാക്ചറിംഗ് വ്യവസായം എന്നിവയ്ക്കാവശ്യമായുള്ള സ്കിൽ ട്രെയിനിംഗ് ഫെസിലിറ്റീസ് ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായാണ് MSME-DI പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാർ ഈ ആവശ്യത്തിലേക്കായി ഈ സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ